(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരങ്ങൾ പ്രത്യേകം ചേർത്തിട്ടുണ്ട്.†

(ജി) വ്യാജ പട്ടയങ്ങൾ റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(എച്ച്) റീസർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടില്ല. ആവശ്യമായ, സർവ്വെ ജീവനക്കാർ ലഭ്യമല്ലാത്തതിനാലാണ് ജോലി പൂർത്തിയാക്കാൻ കഴിയാത്തത്. 2005-06 സാമ്പത്തിക വർഷത്തെ റീസർവ്വെ കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത ജോലികൾ പൂർത്തിയാക്കുന്നതാണ്.

കണ്ണൂർ വിമാനത്താവള നിർമ്മാണം

8 [604] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ വിമാനത്താവള നിർമ്മാണ പ്രവർത്തനങ്ങൾക്ക് എത്ര ഏക്കർ ഭൂമി ഏറ്റെടുക്കുവാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത് ; ആയതിന് എത്ര ഏക്കർ ഭൂമി ഏറ്റെടുത്തു ;

(ബി) ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 1284.49 ഏക്കർ ഭൂമി ഏറ്റെടുക്കുവാൻ വിജ്ഞാപനം നടത്തിയിട്ടുണ്ട്. ഇതിൽ 192.18 ഏക്കർ ഭൂമി അക്വയർ ചെയ്തിട്ടുണ്ട്.

(ബി) കണ്ണൂർ എയർപോർട്ടിന്റെ നിർമ്മാണ പദ്ധതിക്ക് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരം ഇതുവരെ ലഭിച്ചിട്ടില്ലാത്തതിനാൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുടർ നടപടികൾ നിർത്തിവച്ചിരിക്കുകയാണ്.

കൈവശഭൂമി പതിച്ചു നൽകുന്നതിനുള്ള അപേക്ഷകൾ

9 [605] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിരവധി വർഷങ്ങളായി സർക്കാർ ഭൂമി കൈവശംവച്ച് അനുഭവിച്ചു വരുന്നവർക്ക് കൈവശഭൂമി പതിച്ചു നൽകുന്നതിനുള്ള എത്ര അപേക്ഷകളാണ് സർക്കാരിന്റെ പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) കാസർഗോഡ് ജില്ലയിൽ ഇത്തരത്തിലുള്ള എത്ര അപേക്ഷകൾ ഉണ്ടെന്നും അവ എത്ര വർഷങ്ങളായി പെന്റിംഗിലുള്ളതാണെന്നും അറിയിക്കാമോ ;

(സി) മേൽ അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly